# മുജാഹിദ് വിമർശനത്തിലെ ബൂമറാങ്ങുകൾ

**മുജാഹിദുകാർ** ഇസ്‌ലാമിക പ്രസ്ഥാനത്തിനെതിരെ നടത്തുന്ന അധിക്ഷേപങ്ങളെക്കുറിച്ച എ.ആറിന്റെ ലേഖനം (ലക്കം 32) വായിച്ചു. ഇനിയും മനസ്സിലാകാത്ത ഒരു പിളർപ്പും അതിന്റെ തുടർച്ചയായുള്ള ഗ്രൂപ്പ് പോരും കാരണം പൊതുജനമധ്യേ അപഹാസ്യരായ മുജാഹിദുകാർ ഇപ്പോൾ ഇസ്‌ലാമിക പ്രസ്ഥാനത്തിനെതിരെ തെരുവുയുദ്ധം പ്രഖ്യാപിച്ചിരിക്കുകയാണ്. ജമാഅത്ത് മുൻകൈയെടുത്ത് നടത്തിയ ഒട്ടുമിക്ക സംരംഭങ്ങളെയും ഇരുകൈയും നീട്ടി സ്വീകരിച്ച കേരളീയ സമൂഹം അതിന്റെ രാഷ്ട്രീയ പാർട്ടിയെയും വിജയിപ്പിച്ചുകളയുമോ എന്ന ആശങ്കയിൽനിന്നുണ്ടായതാണ് ഈ വിഭ്രാന്തിയെന്ന് തോന്നുന്നു. സ്വന്തം അസ്തിത്വം തന്നെ മറന്നുകൊണ്ട് ഇസ്‌ലാംവിരോധികൾക്ക് ആഹ്ലാദം പകരുന്ന വിധത്തിൽ ആടിനെ പട്ടിയാക്കുന്ന പ്രചാരണമാണ് നടത്തുന്നത്. സന്ദർഭങ്ങളിൽനിന്ന് അടർത്തിമാറ്റിയ ഉദ്ധരണികൾ നിറച്ച് ലഘുലേഖകളും വിതരണം ചെയ്യുന്നു.

യാതൊരു അടിസ്ഥാനവുമില്ലാതെ, സത്യസന്ധത ലവലേശമില്ലാതെ, സയ്യിദ് മൗദൂദിയുടെ രചനകളെ തെറ്റിദ്ധരിപ്പിക്കുക എന്നതാണ് ജമാഅത്ത്‌വിമർശകരുടെ രീതി. എന്നാൽ ഭീകരതയോടും തീവ്രവാദത്തോടുമുള്ള മൗദൂദിയുടെ നിലപാട് സുവ്യക്തമാണ്. "എല്ലാ അപകടങ്ങളെയും നഷ്ടങ്ങളെയും സഹിച്ചുകൊണ്ട് സമാധാനമാർഗത്തിലൂടെ സത്യവാക്യം ഉയർത്തിപ്പിടിക്കുകയാണ് വേണ്ടത്. അതിന്റെ പേരിൽ തടവറയിൽ കഴിയേണ്ടിവന്നാലും കൊലമരത്തിൽ കയറേണ്ടിവന്നാലും ശരി" (തസ്‌രീഹാത്ത്, പേജ് 57). മനം മാറ്റമാണ് ഇസ്‌ലാമിക നവോത്ഥാനത്തിന്റെ അടിസ്ഥാനമെന്ന് അദ്ദേഹം അടിവരയിട്ടു പ്രഖ്യാപിച്ചു: "അല്ലാഹുവിനെ സാക്ഷി നിർത്തിക്കൊണ്ട് പറയട്ടെ, ജമാഅത്തെ ഇസ്‌ലാമി ഏതെങ്കിലും വിധത്തിലുള്ള നിയമവിരുദ്ധ മാർഗങ്ങൾ സ്വീകരിച്ചുകൊണ്ട് തങ്ങളുടെ ലക്ഷ്യം നേടാൻ ഒരിക്കലും സന്നദ്ധമല്ല. നാം കാംക്ഷിക്കുന്ന ഇസ്‌ലാമിക വിപ്ലവം മനുഷ്യമനസ്സിലാണ് ആദ്യമായി അരങ്ങേറേണ്ടത്" (ഉദ്ധരണം: *പ്രബോധനം* 50-ാം വാർഷിക പതിപ്പ്, പേജ് 44).

തീവ്രവാദത്തിന് ദാർശനികാടിത്തറ ലഭിക്കുന്നത് സലഫി-വഹാബി ആശയങ്ങളിൽനിന്നാണെന്ന് ഇന്ന് ആഗോളതലത്തിൽ പ്രചാരണം നടക്കുന്നത് മുജാഹിദുകൾ അറിയാതെ പോവുകയാണോ? "വഹാബി വിഭാഗമായ മർകസു ദഅ്‌വ വൽ ഇർഷാദിന്റെ പോഷക പ്രസ്ഥാനമായിക്കൊണ്ടാണ് ലശ്കറെ ത്വയ്യിബയുടെ തുടക്കം" (*മലയാള മനോരമ*, 2005 ജൂലൈ 6, പേജ് 13). 'വഹാബി ഇസ്‌ലാമാ'ണ് ഭീകരതക്ക് പ്രചോദനമെന്ന് പ്രധാനമന്ത്രി മൻമോഹൻ സിംഗ് അമേരിക്കൻ സന്ദർശനവേളയിൽ അഭിപ്രായപ്പെട്ടതിനെതിരെ മുജാഹിദ് വാരികയായ *ശബാബ്* കവർസ്റ്റോറി പ്രസിദ്ധീകരിച്ചിരുന്നു (2005 ജൂലൈ 29). വഹാബി സലഫിസവും സിലിക്കൺവാലിയും തമ്മിലുള്ള അവിശുദ്ധ ബന്ധത്തിലെ സന്തതികളാണ് ആഗോള തീവ്രവാദികളെന്ന് മുൻ ബ്രിട്ടീഷ് പ്രധാനമന്ത്രി ടോണി ബ്ലയർ പ്രസ്താവിച്ചതും (ഉദ്ധരണം: *മലയാളം* വാരിക 2005 ആഗസ്റ്റ് 4, പേജ് 25,26) സാമ്രാജ്യത്വ പ്രോപഗണ്ടയുടെ ഭാഗമായിട്ടാണ്. ഈ പ്രചാരണങ്ങളെല്ലാം അണ്ണാക്ക് തൊടാതെ വിഴുങ്ങി സലഫിസത്തിനും മുജാഹിദ് പ്രസ്ഥാനത്തിനും മേൽ ഭീകരതയാരോപിക്കാൻ ഇസ്‌ലാമിക പ്രസ്ഥാനം മുതിരാറില്ല. എങ്കിലും മൗദൂദിയും സയ്യിദ് ഖുത്ബുമാണ് തീവ്രവാദത്തിന്റെ പ്രചോദകരെന്ന് വാദിക്കുന്നവരെ ഇത്തരം ലോക വിവരങ്ങൾ ഓർമിപ്പിക്കേണ്ടിവരുന്നു. മൗദൂദിയുടെ രചനകൾ നെഞ്ചിലേറ്റി നടക്കുന്ന ജമാഅത്തുകാർ ആരുംതന്നെ തീവ്രവാദ സ്വഭാവമുള്ള സംഘങ്ങളിലേക്ക് ചേക്കേറിയിട്ടില്ല എന്ന സത്യം ജനങ്ങൾക്കറിയാം. തീവ്രവാദാരോപിത സംഘടനയുടെ നേതൃത്വത്തിലുള്ള ബാഖവിമാരും ഫൈസിമാരും അവരുടെ ഇമാം കൗൺസിലിലെ മൗലവിമാരും ഫ്രീഡം പരേഡിൽ സല്യൂട്ട് സ്വീകരിക്കുന്ന സുപ്രീം കൗൺസിൽ മെമ്പർ വയനാട്ടുകാരനായ മുൻ സലഫീ വാഗ്മിയും തീവ്രവാദാശയം സ്വായത്തമാക്കിയത് മൗദൂദിയിൽനിന്നാണെന്ന് പറയുന്നത് ശുദ്ധ ഭോഷ്കല്ലാതെ മറ്റൊന്നുമല്ല.

പ്രബോധനം മുസ്‌ലിംകളുടെ വൈകാരികമായ ഒരു ആവശ്യം മാത്രമാണെന്നും, പ്രബോധനമല്ല പ്രതിരോധമാണ് ഇന്ത്യൻ മുസ്‌ലിംകളുടെ കാലിക ദൗത്യമെന്നുമുള്ള വാദം ഈയിടെ ഒരു തീവ്രവാദാരോപിത സംഘം ഉയർത്തിയിരുന്നു. ഇതിനെതിരെ മുജാഹിദ് വാരികകൾ ഒരു വരിപോലും എഴുതിയിട്ടില്ല. ജമാഅത്തിനെതിരെ നെടുനീളൻ ചർവിത ചർവണങ്ങൾ നിരന്തരം പ്രസിദ്ധീകരിച്ച് സായൂജ്യമടയുന്നവരാണ് അവർ.


രാജ്യത്തെ സാമൂഹിക, രാഷ്ട്രീയാവസ്ഥകളെ വിശകലനം ചെയ്തും ഇസ്‌ലാമിക സമൂഹത്തിന്റെ ആദർശപരമായ നിലവാരത്തിനനുസരിച്ചും നിശ്ചയിക്കുന്ന നയപരിപാടികളുടെ വെളിച്ചത്തിലാണ് ഇസ്‌ലാമിക പ്രസ്ഥാനം തെരഞ്ഞെടുപ്പിനോടും മറ്റു

## *പ്രബോധനം* പേരിനെ അന്വർഥമാക്കുന്ന വാരിക

**മാനവ** ജീവിതം പാഴാക്കാനുള്ളതല്ലെന്ന് അനുവാചകരെ ബോധ്യപ്പെടുത്തുന്ന വിഭവങ്ങളാണ് *പ്രബോധന*ത്തിന്റെ ഓരോ ലക്കത്തിലുമുള്ളത്. ഈ വാരിക വായിക്കുമ്പോൾ ലഭിക്കുന്ന ഉൾക്കാഴ്ച ജീവിതവിജയത്തിന് എക്കാലവും പ്രേരകമായിരിക്കും. 'ഇസ്‌ലാമിന്റെ അക്ഷര വെളിച്ചം' എന്നത് അൽപം ഭേദപ്പെടുത്തി 'മനുഷ്യരാശിയുടെ അക്ഷര വെളിച്ചം' എന്നാക്കുന്നതിൽ തെറ്റില്ല.

മറ്റു സ്രോതസ്സുകളിൽ കാണാത്ത ക്ഷീരധാര ഈ പ്രസിദ്ധീകരണത്തിൽ ദൃശ്യമാവുന്നുണ്ട്. ആത്മീയമായ കുളിർമ വായനക്കാരന് ലഭിക്കുന്നതുകൊണ്ടാണിത്. *പ്രബോധന*ത്തിന്റെ മുഖക്കുറിപ്പുകൾ ഈ കാലഘട്ടത്തിൽ അനിവാര്യമായി ലഭിക്കേണ്ട മൗനസംഗീതങ്ങളാണെന്നും നിസ്സംശയം പറയാം.

**രാവണപ്രഭു കടലുണ്ടി നഗരം**



ജനാധിപത്യ സംവിധാനങ്ങളോടുമുള്ള സമീപനം രൂപപ്പെടുത്തുന്നത്. ജനാധിപത്യ സംവിധാനങ്ങളെയും വോട്ടവകാശത്തെയും ഉപയോഗപ്പെടുത്തുന്നതിലും ഇപ്പോൾ രാഷ്ട്രീയ പാർട്ടി രൂപവത്കരണത്തെക്കുറിച്ച് ചിന്തിക്കുന്നതിലും ക്രമപ്രവൃദ്ധമായ വളർച്ച ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ നയനിലപാടുകളിൽ കാണാം. അതിനെല്ലാം ഇസ്‌ലാമികമായ അടിത്തറയുമുണ്ട്. എന്നിരിക്കെ അതിൽ വൈരുധ്യം കാണുന്നത് എന്തടിസ്ഥാനത്തിലാണ്? 'അന്നങ്ങനെ ഇന്നിങ്ങനെ' എന്നൊക്കെ പറഞ്ഞ് കാടിളക്കുന്നവർ സലഫികൾക്ക് പ്രാമുഖ്യമുള്ള ആഗോള പണ്ഡിത വേദിയായ റാബിത്വ ഇവ്വിഷയകമായി നൽകിയ ഫത്‌വയെന്താണെന്ന് പരിശോധിക്കണം. "തെരഞ്ഞെടുപ്പിൽ പങ്കെടുക്കുക എന്ന വിഷയത്തിൽ സ്ഥലകാല ചുറ്റുപാടുകൾ പരിഗണിച്ചും നന്മതിന്മകളുടെ അളവുകോൽ മാനദണ്ഡമാക്കിയും മാത്രമേ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂവെന്നും അതുകൊണ്ടുതന്നെ സ്ഥായിയായ ഒരു വിധിക്ക് പകരം തീരുമാനം വ്യത്യസ്തമായിരിക്കുമെന്നും സഭ വിധിക്കുന്നു. ചില പ്രത്യേക ലക്ഷ്യസാക്ഷാത്കാരത്തിനുവേണ്ടി പരിമിതികളോടും നിബന്ധനകളോടും മാത്രമാണ് ഇത് അനുവദനീയമായിരിക്കുന്നതെന്നും തീരുമാനിച്ചിരിക്കുന്നു" (റാബിത്വത്തുൽ ആലമിൻ ഇസ്‌ലാമിയുടെ ഫത്‌വ. ഉദ്ധരണം: അൽ ആലമുൽ ഇസ്‌ലാമി, ലക്കം 2004, ഹി. 1428, ദുൽഖഅ്ദ് 2).

ഒരേ കാലഘട്ടത്തിൽ ജീവിക്കുന്ന സലഫികൾ ഒരേ സാമൂഹിക, രാഷ്ട്രീയ വിഷയത്തിൽ പരസ്പരവിരുദ്ധമായ നിലപാടുകൾ വെച്ചുപുലർത്തുന്നതിനെക്കുറിച്ച് എന്തു പറയുന്നു? ആരാധനാപരമായി തൗഹീദിലും രാഷ്ട്രീയപരമായി വ്യത്യസ്ത മനുഷ്യനിർമിത ദർശനങ്ങളിലും നിലകൊള്ളുന്ന മുജാഹിദുകൾ ഇസ്‌ലാമിനെക്കുറിച്ച് ഉയർത്തുന്ന വൈരുധ്യാത്മക പ്രതിഛായ ആശാസ്യമാണോ? സാധാരണക്കാരനെ വരിഞ്ഞുമുറുക്കിയും മാർക്കറ്റുകൾ കൈയടക്കിയും കുത്തക കമ്പനികൾ കടന്നുവരുന്ന വിഷയത്തിലുള്ള നിലപാടെന്താണ്? സമ്പത്ത് ധനികർക്കിടയിൽ കറങ്ങരുതെന്ന ഖുർആനികാധ്യാപനവും വാണിജ്യരംഗത്തെ അനാശാസ്യതകൾക്കെതിരെ പോരാടിച്ച ശുഐബ് നബി(അ)യുടെ മാതൃകയും കാണിച്ചുതന്ന ഇസ്‌ലാം ചൂഷണ സ്വഭാവമുള്ള കുത്തകകളുടെ മറുപക്ഷത്തുനിൽക്കാനല്ലേ പഠിപ്പിക്കുന്നത്? പ്രബോധനത്തിന്റെ ആരംഭത്തിൽതന്നെ ഏകാധിപതിയായ ഫറോവയുടെ കൊട്ടാരത്തിലെത്തി ഇസ്രാഈല്യരുടെ മോചനത്തിനുവേണ്ടി ശബ്ദിച്ച മൂസാ(അ)യെ മാതൃകയാക്കി സാമ്രാജ്യത്തിനെതിരെ പൊരുതേണ്ടത് തൗഹീദിന്റെ താൽപര്യമല്ലേ?

വാൽകഷ്ണം: ഐ.എസ്.എം (എ.പി ഗ്രൂപ്പ്) വടകരയിൽ നടത്തിയ 'ഭീകരതയുടെ പരിണാമം' പൊതുയോഗത്തിൽ പങ്കെടുത്ത ഒരു മുസ്‌ലിം മതേതര രാഷ്ട്രീയ നേതാവിന്റെ പ്രസംഗത്തിൽ സംഘാടകരോടുള്ള ഉപദേശം: "മുസ്‌ലിംകളെ ഭീകരവാദികളാക്കി മുദ്രയടിക്കുന്ന ഇക്കാലത്ത് ഇത്തരം പരിപാടികൾ പൊതുജനമധ്യേ നടത്താതിരിക്കാനുള്ള വിവേകമെങ്കിലും ഉണ്ടാകണം."

**ഇബ്നു ഹാശിം മാഹി**

## അവരുടെ മാതൃക

**കെ.ടിയുടെ** പ്രസ്ഥാന യാത്രയിൽ, അദ്ദേഹത്തെ പ്രസ്ഥാനത്തിലേക്ക് ആകർഷിച്ചത് പള്ളുരുത്തി സ്വദേശി സി.കെ കോയ സാഹിബ് നൽകിയ *സത്യസാക്ഷ്യ*മായിരുന്നു എന്ന് പറയുന്നുണ്ട്. ഇത് വായിച്ചപ്പോൾ വർഷങ്ങൾക്ക് മുമ്പ് തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മലയിൽ പ്രവർത്തകനായിരുന്ന അയ്യൂബ് ഖാൻ (അദ്ദേഹത്തെക്കുറിച്ചും കെ.ടി ഓർക്കുന്നു) പറഞ്ഞ ഒരനുഭവം ഓർമയിൽ വന്നു. ഞാൻ തെക്കൻ മേഖലാ നാസിമായി ചാർജെടുത്ത് തിരുവനന്തപുരത്ത് എത്തിയപ്പോൾ, പഴയകാല പ്രവർത്തകരെക്കുറിച്ചന്വേഷിച്ചു. അപ്പോഴാണ് പാലോട് സ്വാലിഹ് (സാലി), ഹമീദ് മാസ്റ്റർ, പെരിങ്ങമ്മല അയ്യൂബ് ഖാൻ എന്നിവരെ കുറിച്ചറിഞ്ഞത്. അയ്യൂബ് ഖാൻ അടിയന്തരാവസ്ഥയിൽ അറസ്റ്റിന് വിധേയനായി എന്നും അറിയാൻ കഴിഞ്ഞു. ഈയിടെ അന്തരിച്ച ജമാഅത്തംഗം അബ്ദുർറഹിമാൻ മൗലവി(വെഞ്ഞാറമൂട്)യുമൊത്ത് അവരെ കാണാൻ പെരിങ്ങമ്മല ഇക്ബാൽ കോളേജിനടുത്ത് അയ്യൂബ് ഖാന്റെ വീട്ടിലെത്തി. അദ്ദേഹവുമായി ദീർഘമായി സംസാരിച്ചു. പ്രസ്ഥാനത്തിലേക്കാകർഷിച്ച ഘടകമെന്തായിരുന്നു എന്ന് അന്വേഷിച്ചു. പല കാര്യങ്ങളും പറഞ്ഞ കൂട്ടത്തിൽ അദ്ദേഹത്തെ ഏറ്റവും ആകർഷിച്ചതും എന്നും മനസ്സിൽ തെളിഞ്ഞു നിൽക്കുന്നതുമായി പറഞ്ഞത് സി.കെ കോയ സാഹിബിന്റെ വ്യക്തിത്വമായിരുന്നു.

കോയ സാഹിബ് ഫുൾടൈം പ്രവർത്തകനായി പ്രവർത്തിക്കുന്ന സമയത്ത്, ഒരു ബാഗിൽ കുറെ പുസ്തകങ്ങളുമായി അയ്യൂബ് ഖാന്റെ വീട്ടിലെത്തി (അന്ന് ഫുൾടൈം പ്രവർത്തകരുടെ കൈയിൽ പുസ്തകങ്ങൾ നിർബന്ധമായും ഉണ്ടാകുമായിരുന്നു). അവർ തമ്മിൽ ദീർഘനേരം സംസാരിച്ചു. തിരിച്ചുപോരുമ്പോൾ കോയ സാഹിബിന് ഒരസ്വസ്ഥത. അയ്യൂബ് ഖാൻ നിർബന്ധിച്ച് അന്വേഷിച്ചപ്പോൾ മനസ്സിലായി, കോയ സാഹിബിന്റെ കൈയിൽ തിരിച്ചുപോകാൻ പൈസയില്ല. അന്ന് ഇന്നത്തെപ്പോലെ തിരുവനന്തപുരം-പെരിങ്ങമ്മല റൂട്ടിൽ ധാരാളം ബസ്സുകളില്ല. ഒരു വണ്ടിപോയാൽ അടുത്തത് കിട്ടുമെന്നുറപ്പുമില്ല. കാര്യം മനസ്സിലാക്കിയ അയ്യൂബ് ഖാൻ, ആവശ്യമുള്ള പണം നൽകാൻ തയാറായി. എന്നാൽ കോയ സാഹിബ് ഒരിക്കലും വെറുതെ പൈസ വാങ്ങുകയുമില്ല. ഒടുവിൽ കോയ സാഹിബ് പറഞ്ഞു: "താങ്കൾ ഒരു പുസ്തകം വാങ്ങിയാൽ അതിന്റെ പൈസ വാങ്ങി ഞാൻ പോകാം." ഉടൻ അയ്യൂബ് ഖാൻ പുസ്തകങ്ങൾ വാങ്ങി പൈസ കൊടുത്തു. കോയ സാഹിബ് സലാം പറഞ്ഞു പിരിഞ്ഞു.

ഈ സംഭവം വളരെ ഹൃദയസ്പൃക്കായി വർഷങ്ങൾക്കു മുമ്പ് അയ്യൂബ് ഖാൻ പങ്കുവെച്ചത് ഓർമയിൽ തങ്ങിനിൽക്കുന്നു. കോയ സാഹിബും അയ്യൂബ് ഖാനും അബ്ദുർറഹ്മാൻ മൗലവിയുമൊക്കെ അല്ലാഹുവിങ്കലേക്ക് യാത്രയായി. അല്ലാഹു അവർക്കെല്ലാം മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കട്ടെ- ആമീൻ

**കെ.എസ് അബ്ദുൽ മജീദ് മാള**

## ചുരുക്കെഴുത്ത്

***പ്രബോധനം*** ലക്കം 25 വായിച്ചപ്പോൾ ഒരു കത്ത് എഴുതണമെന്നു തോന്നി. *പ്രബോധനം* വാരിക ആദ്യമായി എടയൂരിൽനിന്നും അച്ചടിച്ച് പ്രസിദ്ധീകരിക്കുന്ന കാലം. ആയഞ്ചേരിയിൽനിന്ന് ടി.കെ അബ്ദുല്ല മൗലവിയുടെ ജ്യേഷ്ഠൻ പരേതനായ ടി.കെ കുഞ്ഞഹമ്മദ് സാഹിബ് നടന്ന് കുറ്റ്യാടിയിൽ കൊണ്ടുവന്നത് ഞാനോർക്കുന്നു. അങ്ങനെയാണ് ഞങ്ങൾ *പ്രബോധനം* വായന ആരംഭിച്ചത്. *പ്രബോധനം* പ്രചരിപ്പിക്കുന്നതിൽ പി.വി.എസ് തങ്ങളുമുണ്ടായിരുന്നു. അന്നത്തെപ്പോലെ ഇന്നും *പ്രബോധന*ത്തിന്റെ മാതൃക അനുകരണീയമാണ്. സുന്നീ പണ്ഡിതന്മാരായ നാലകത്ത് മുഹമ്മദ് കോയയും കെ.ടി മാനു മുസ്‌ലിയാരും മരണപ്പെട്ടപ്പോൾ *പ്രബോധനം* വളരെ പ്രാധാന്യത്തോടു കൂടി അനുസ്മരണക്കുറിപ്പ് പ്രസിദ്ധീകരിച്ചു. അനുകരണീയ മാതൃകയാണിത്.

കെ.ടി അബ്ദുർറഹീമിന്റെ ഓർമക്കുറിപ്പുകൾ ആവേശപൂർവം കാത്തിരിക്കുന്നു. ടി.കെ അബ്ദുല്ല മൗലവിയുടെ ഓർമകളും പ്രസിദ്ധീകരിക്കുമെന്നറിഞ്ഞു. ഓരോ ഏരിയയിലും *പ്രബോധനം* വായനക്കാരുടെ വേദി- '*പ്രബോധനം* റീഡേഴ്സ് ഫോറം' - എല്ലാ വിഭാഗം വായനക്കാരെയും ഉൾപ്പെടുത്തി സംഘടിപ്പിക്കണം. *പ്രബോധനം* വില വർധനക്ക് മുമ്പ് സൂചിപ്പിച്ച മാറ്റങ്ങൾ ഉണ്ടോ എന്ന് സംശയമാണ്.

**പി. സൂപ്പി കുറ്റ്യാടി**